**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 52** **23-08-2022 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെൻറ് സെൻററിൽ ശമ്പള പരിഷ്കരണ ഡി എ. കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്ററിൽ 2018 ജനുവരി മുതൽ 2021 ഡിസംബർ വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തിരുന്നവർ ആരെല്ലാമെന്നും ഇവർ ഏതെല്ലാം തസ്തികകളിലാണ് ജോലി ചെയ്തിരുന്നതെന്നും അവർ ജോലി ചെയ്ത കാലാവധി ഏതാണെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | കെ.എസ്.ആർ.ഇ.സി.യിൽ 2018 ജനുവരി മുതൽ 2021 ഡിസംബർ വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ജീവനക്കാരിൽ ആർക്കെല്ലാമാണ് അവർ അവിടെ സേവനമനുഷ്ഠിച്ച കാലത്തുള്ള ശമ്പള പരിഷ്കരണ കുടിശ്ശികയും ഡി.എ. കുടിശ്ശികയും നൽകിയിട്ടുള്ളതെന്നും ഇനി ആർക്കെല്ലാമാണ് പ്രസ്തുത കുടിശ്ശികകൾ നൽകുവാൻ ഉള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (ബി) | സംസ്ഥാന സർക്കാർ അനുവദിച്ച ഡി.എ. വർദ്ധനവുമായി ബന്ധപ്പെട്ട കുടിശ്ശികകൾ അർഹരായ ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. 10.02.2021-ലെ സ.ഉ.(പി)27/21/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള 01.07.2019 മുതൽ 28.02.2021 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക ആർക്കും നൽകിയിട്ടില്ല. |
| (സി) | മേൽ കുടിശ്ശികകൾ നൽകിയിട്ടില്ലാത്ത ജീവനക്കാർക്ക് ആയത് നൽകുവാനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വിശദമാക്കാമോ; | (സി) | 10.02.2021 ലെ സ.ഉ.(പി)നം.27/2021/ധന പ്രകാരമുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 01.07.2019 മുതൽ 28.02.2021 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക 25% വീതം 4 തവണകളായി യഥാക്രമം 01.04.2023, 01.10.2023, 01.04.2024, 01.10.2024 എന്നീ തീയതികളിൽ ജീവനക്കാരുടെ പി.എഫ്.അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയതിനാൽ കുടിശ്ശിക നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. |
| (ഡി) | ജീവനക്കാർക്ക് അർഹതപ്പെട്ടതും സർക്കാർ അനുവദിച്ചതുമായ പ്രസ്തുത കുടിശ്ശികകൾ നൽകാതെ വൈകിപ്പിക്കുന്നത് അവർക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കും എന്നതിനാൽ ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; മേൽ കുടിശ്ശിക അത് ലഭിക്കേണ്ട | (ഡി) | 10.02.2021 ലെ സ.ഉ.(പി)നം.27/2021/ധന പ്രകാരമുള്ള ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 01.07.2019 മുതൽ 28.02.2021 വരെയുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക 25% വീതം 4 തവണകളായി യഥാക്രമം 01.04.2023, 01.10.2023, 01.04.2024, 01.10.2024 എന്നീ തീയതികളിൽ ജീവനക്കാരുടെ |

| | | | |
|---|---|---|---|
| | ജീവനക്കാർക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | | പി.എഫ്.അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയതിനാൽ കുടിശ്ശിക നൽകുന്നതിൽ കാലതാമസം ഉണ്ടായിട്ടില്ല. |
| (ഇ) | ഇതു സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്ന ഫയലിന്റെ ഇതുവരെയുള്ള നടപടിക്രമങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | മൂന്ന് ഉദ്യോഗസ്ഥർക്ക് ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള കുടിശ്ശിക കണക്കാക്കി പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കെ.എസ്.ആർ.ഇ.സി.യിൽ 2018 ജനുവരി മുതൽ 2021 ഡിസംബർ വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വിവിധ തസ്തികകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പേര് | ജോലി ചെയ്ത തസ്തികയുടെ പേര് | ജോലി ചെയ്ത കാലാവധി |
|---|---|---|---|
| 1 | ഡോ.കെ.പി. രഘുനാഥമേനോൻ | ഡയറക്ടർ | 06.09.2016 - 06.09.2019 |
| 2 | ബീന വൈ.ബി. | അക്കൗണ്ട്സ് ഓഫീസർ | 14.09.2017 18.01.2019 |
| 3 | ദീപ എൻ.സി. | അക്കൗണ്ട്സ് ഓഫീസർ | 19.01.2019 – 20.02.2019 |
| 4 | രാജേഷ് എസ്. | അക്കൗണ്ട്സ് ഓഫീസർ | 21.02.2019 - 30.06.2019 |
| 5 | ഹരിലാൽ ജി.ആർ | അക്കൗണ്ട്സ് ഓഫീസർ | .15.06.2019 - 10.10.2019 |
| 6 | റെജി കുമാർ ആർ | അക്കൗണ്ട്സ് ഓഫീസർ | 10.10.2019 – 30.04.2020 |
| 7 | ഹസീന ബീഗം എ. | അക്കൗണ്ട്സ് ഓഫീസർ | 30.04.2020 - 28.06.2021 |
| 8 | ഇന്ദു ജി..ഐ | അക്കൗണ്ട്സ് ഓഫീസർ | 29.06.2021 - തുടരുന്നു |
| 9 | റോസ്മി അഗസ്റ്റിൻ | ഓഫീസ് അസിസ്റ്റന്റ് | 22.05.2018 - 31.12.2019 |
| 10 | സുസ്മിത എസ്. | ഓഫീസ് അസിസ്റ്റന്റ് | 20.05.2020 - 26.03.2021 |

അനുബന്ധം

**കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയൺമെൻറ് സെൻ്റർ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ: എ. നിസാമുദ്ദീൻ)

വിഷയം:- കെ.എസ്.ആർ.ഇ.സി. - ജീവനക്കാര്യം - പതിനൊന്നാം ശമ്പള പരിഷ്കരണം - ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് ശമ്പള കുടിശ്ശിക - ശ്രീ. റെജികുമാർ. ആർ, മുൻ അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ആർ.ഇ.സി - തുക അനുവദിച്ച് നൽകുന്നത് - സംബന്ധിച്ച്.

ഉത്തരവ് നം. ബി1/266/19/കെ.എസ്.ആർ.ഇ.സി. തീയതി 09.12.2021

സൂചന :- 1. 10.02.2021 ലെ സർക്കാർ ഉത്തരവ് (പി) നം. 27/2021/ധന
2. 30.04.2021 ലെ 42/2021 (2) നമ്പർ സർക്കുലർ

**ഉത്തരവ്**

മേൽ സൂചന 1 സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 01.07.2019 മുതൽ പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശ പ്രകാരമുള്ള വേതനം നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്.

സൂചന 1 ഉത്തരവ് പ്രകാരം 01.07.2019 മുതൽ 28.02.2021 വരെയുള്ള പേ റിവിഷൻ അരിയർ 25 ശതമാനം വീതം നാല്ല തവണകളായി യഥാക്രമം 01.04.2023, 01.10.2023, 01.04.2024, 01.10.2024 എന്നീ തീയതികളിൽ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു.

തുടർന്ന് സൂചന 2 പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ പേ റിവിഷൻ അരിയർ ഓരോ കാലയളവിലും ലഭിക്കേണ്ട തുക പ്രത്യേകം കണക്കാക്കി ആകെ തുക "0070-60-800-24-Reciept on Account of Pay Revision Arrears to Government Employees on Deputation" എന്ന ശീർഷകത്തിൽ ഒറ്റതവണയായി അടയ്ക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

ആയതിൻ പ്രകാരം 10.10.2019 മുതൽ 30.04.2020 വരെ ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ അക്കൗണ്ട്സ് ഓഫീസറായി ജോലി നോക്കിയിരുന്ന ശ്രീ. റെജികുമാർ. ആർ. നു അക്കൗണ്ടന്റ് ജനറൽ (എ & ഇ) നിന്ന് ലഭ്യമാക്കിയ പുതുക്കിയ പേ സ്ലിപ് പ്രകാരം താഴെ പറയുന്ന തുക നാല്ല തവണകളായി ലഭിക്കേണ്ടതുണ്ട്.

| | | |
|---|---|---|
| 1 | 01.04.2023 | 19530 |
| 2 | 01.10.2023 | 19530 |
| 3 | 01.04.2024 | 19530 |
| 4 | 01.10.2024 | 19531 |
| | **ആകെ** | **78121** |

(എഴുപത്തിയെണ്ണായിരത്തി ഒരുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ)

ആയതിനാൽ 10.10.2019 മുതൽ 30.04.2020 വരെ ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ അക്കൗണ്ട്സ് ഓഫീസറായി ജോലി നോക്കിയിരുന്ന ശ്രീ. റെജികുമാർ. ആർ. നു പതിനൊന്നാം

ശമ്പള കമ്മീഷൻ ശുപാർശ പ്രകാരം ലഭിക്കേണ്ട ശമ്പള കുടിശ്ശികയായ Rs. 78121 (എഴുപത്തി യെണ്ണായിരത്തി ഒരുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) അനുവദിച്ച ഉത്തരവാകുന്നു.

ടി തുക 2402-00-001-94 നോൺ പ്ലാൻ ഹെഡിൽ നിന്നും കണ്ടെത്തി "0070-60-800-24-Reciept on Account of Pay Revision Arrears to Government Employees on Deputation" എന്ന ശീർഷകത്തിൽ ട്രഷറി അക്കൗണ്ടിൽ ഒറ്റതവണയായി നിക്ഷേപിക്കേണ്ടതാണ്.

ടി തുക ട്രഷറി അക്കൗണ്ടിൽ ഒടുക്കിയ ശേഷം വിവരം മാതൃവകുപ്പിലെ ഡ്രോയിങ് & ഡിസ്ബേർസിംഗ് ഓഫീസറെ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ഡയറക്ടർ

To

ഡ്രോയിങ് & ഡിസ്ബേർസിംഗ് ഓഫീസർ, GA(അക്കൗണ്ട്സ്)) Department,
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
ശ്രീ. റെജികുമാർ. ആർ, മുൻ അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ആർ.ഇ.സി
എസ്റ്റാബ്ലിഷ്മെന്റ്/ ബിൽ സെഷൻ,
ഓഫീസ് കോപ്പി /കരുതൽ ഫയൽ

അംഗീകാരത്തോടെ

Indu.G.S

അക്കൗണ്ട്സ് ഓഫീസർ

**കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയൺമെന്റ് സെന്റർ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ: എ. നിസാമുദ്ദീൻ)

വിഷയം:- കെ.എസ്.ആർ.ഇ.സി. – ജീവനക്കാര്യം – പതിനൊന്നാം ശമ്പള പരിഷ്കരണം – ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് ശമ്പള കുടിശ്ശിക – ശ്രീമതി. ഹസീന ബീഗം. എ, മുൻ അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ആർ.ഇ.സി – തുക അനുവദിച്ച് നൽകുന്നത് – സംബന്ധിച്ച്.

ഉത്തരവ് നം. ബി1./841/2020/കെ.എസ്.ആർ.ഇ.സി. തീയതി 09.12.2021

സൂചന :- 1. 10.02.2021 ലെ സർക്കാർ ഉത്തരവ് (പി) നം. 27/2021/ധന
2. 30.04.2021 ലെ 42/2021 (2) നമ്പർ സർക്കുലർ

**ഉത്തരവ്**

മേൽ സൂചന 1 സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 01.07.2019 മുതൽ പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശ പ്രകാരമുള്ള വേതനം നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്.

സൂചന 1 ഉത്തരവ് പ്രകാരം 01.07.2019 മുതൽ 28.02.2021 വരെയുള്ള പേ റിവിഷൻ അരിയർ 25 ശതമാനം വീതം നാലു തവണകളായി യഥാക്രമം 01.04.2023, 01.10.2023, 01.04.2024, 01.10.2024 എന്നീ തീയതികളിൽ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു.

തുടർന്ന് സൂചന 2 പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ പേ റിവിഷൻ അരിയർ ഓരോ കാലയളവിലും ലഭിക്കേണ്ട തുക പ്രത്യേകം കണക്കാക്കി ആകെ തുക "0070-60-800-24-Reciept on Account of Pay Revision Arrears to Government Employees on Deputation" എന്ന ശീർഷകത്തിൽ ഒറ്റതവണയായി അടയ്ക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

ആയതിൻ പ്രകാരം 01.05.2020 മുതൽ 28.02.2021 വരെ ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ അക്കൗണ്ട്സ് ഓഫീസറായി ജോലി നോക്കിയിരുന്ന ശ്രീമതി. ഹസീന ബീഗം. എ ക്ക് അക്കൗണ്ടന്റ് ജനറൽ (എ & ഇ) നിന്ന് ലഭ്യമാക്കിയ പുതുക്കിയ പേ സ്ലിപ് പ്രകാരം താഴെ പറയുന്ന തുക നാലു തവണകളായി ലഭിക്കേണ്ടതുണ്ട്.

| | | |
|---|---|---|
| 1 | 01.04.2023 | 21085 |
| 2 | 01.10.2023 | 21085 |
| 3 | 01.04.2024 | 21085 |
| 4 | 01.10.2024 | 21085 |
| | **ആകെ** | **84340** |

(എൺപത്തിനാലായിരത്തി മുന്നൂറ്റി നാൽപത് രൂപ)

ആയതിനാൽ 01.05.2020 മുതൽ 28.02.2021 വരെ ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ അക്കൗണ്ട്സ് ഓഫീസറായി ജോലി നോക്കിയിരുന്ന ശ്രീമതി. ഹസീന ബീഗം. എ. ക്ക്

പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശ പ്രകാരം ലഭിക്കേണ്ട ശമ്പള കുടിശ്ശികയായ Rs. 84340 (എൺപത്തി നാലായിരത്തി മുന്നൂറ്റി നാൽപത് രൂപ മാത്രം) അനുവദിച്ച ഉത്തരവാകുന്നു.

ടി തുക 2402-00-001-94 നോൺ പ്ലാൻ ഹെഡിൽ നിന്നും കണ്ടെത്തി "0070-60-800-24-Reciept on Account of Pay Revision Arrears to Government Employees on Deputation" എന്ന ശീർഷകത്തിൽ ട്രഷറി അക്കൗണ്ടിൽ ഒറ്റതവണയായി നിക്ഷേപിക്കേണ്ടതാണ്.

ടി തുക ട്രഷറി അക്കൗണ്ടിൽ ഒടുക്കിയ ശേഷം വിവരം മാതൃവകുപ്പിലെ ഡ്രോയിങ് & ഡിസ്ബേർസിംഗ് ഓഫീസറെ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ഡയറക്ടർ

To

ഡ്രോയിങ് & ഡിസ്ബേർസിംഗ് ഓഫീസർ, GA(അക്കൗണ്ട്സ്)) Department,
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
ശ്രീമതി. ഹസീന ബീഗം. എ, മുൻ അക്കൗണ്ട്സ് ഓഫീസർ, കെ.എസ്.ആർ.ഇ.സി
എസ്റ്റാബ്ലിഷ്മെന്റ്/ ബിൽ സെഷൻ,
ഓഫീസ് കോപ്പി /കരുതൽ ഫയൽ

അംഗീകാരത്തോടെ

Indu. G. S

അക്കൗണ്ട്സ് ഓഫീസർ

**കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയൺമെൻറ് സെന്റർ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ: എ. നിസാമുദ്ദീൻ)

വിഷയം:- കെ.എസ്.ആർ.ഇ.സി. – ജീവനക്കാര്യം – പതിനൊന്നാം ശമ്പള പരിഷ്കരണം – ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തിരുന്ന ജീവനക്കാർക്ക് ശമ്പള കുടിശ്ശിക – ശ്രീമതി. സുസ്മിത. എസ്, മുൻ ഓഫീസ് അസിസ്റ്റന്റ്, കെ.എസ്.ആർ.ഇ.സി – തുക അനുവദിച്ച് നൽകുന്നത് – സംബന്ധിച്ച്.

ഉത്തരവ് നം. എ/177/2020/കെ.എസ്.ആർ.ഇ.സി. തീയതി 09.12.2021

സൂചന :- 1. 10.02.2021 ലെ സർക്കാർ ഉത്തരവ് (പി) നം. 27/2021/ധന
2. 30.04.2021 ലെ 42/2021 (2) നമ്പർ സർക്കുലർ

**ഉത്തരവ്**

മേൽ സൂചന 1 സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും 01.07.2019 മുതൽ പതിനൊന്നാം ശമ്പള കമ്മീഷൻ ശുപാർശ പ്രകാരമുള്ള വേതനം നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്.

സൂചന 1 ഉത്തരവ് പ്രകാരം 01.07.2019 മുതൽ 28.02.2021 വരെയുള്ള പേ റിവിഷൻ അരിയർ 25 ശതമാനം വീതം നാല് തവണകളായി യഥാക്രമം 01.04.2023, 01.10.2023, 01.04.2024, 01.10.2024 എന്നീ തീയതികളിൽ ജീവനക്കാരുടെ പി.എഫ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിരുന്നു.

തുടർന്ന് സൂചന 2 പ്രകാരം ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ പേ റിവിഷൻ അരിയർ ഓരോ കാലയളവിലും ലഭിക്കേണ്ട തുക പ്രത്യേകം കണക്കാക്കി ആകെ തുക "0070-60-800-24-Reciept on Account of Pay Revision Arrears to Government Employees on Deputation" എന്ന ശീർഷകത്തിൽ ഒറ്റതവണയായി അടയ്ക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

ആയതിൻ പ്രകാരം 20.05.2020 മുതൽ 28.02.2021 വരെ ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ ഓഫീസ് അസിസ്റ്റന്റായി ജോലി നോക്കിയിരുന്ന ശ്രീമതി. സുസ്മിത. എസ്, ന്റ മാതൃസ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കിയ പുതുക്കിയ പേ സ്ലിപ് പ്രകാരം താഴെ പറയുന്ന തുക നാല് തവണകളായി ലഭിക്കേണ്ടതുണ്ട്.

| | | |
|---|---|---|
| 1 | 01.04.2023 | 11161 |
| 2 | 01.10.2023 | 11161 |
| 3 | 01.04.2024 | 11161 |
| 4 | 01.10.2024 | 11164 |
| | **ആകെ** | **44647** |

(നാല്പത്തിനാലായിരത്തി അറുന്നൂറ്റി നാൽപ്പത്തി ഏഴ് രൂപ)

ആയതിനാൽ 20.05.2020 മുതൽ 28.02.2021 വരെ ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ ഓഫീസ് അസിസ്റ്റന്റായി ജോലി നോക്കിയിരുന്ന ശ്രീമതി. സുസ്മിത. എസ്, ന്റ പതിനൊന്നാം

ശമ്പള കമ്മീഷൻ ശുപാർശ പ്രകാരം ലഭിക്കേണ്ട ശമ്പള കുടിശ്ശികയായ Rs. 44647 (നാല്പത്തിനാലായിരത്തി അറുന്നൂറ്റി നാൽപ്പത്തി ഏഴ് രൂപ മാത്രം) അനുവദിച്ച ഉത്തരവാകുന്നു.

ടി തുക 2402-00-001-94 നോൺ പ്ലാൻ ഹെഡിൽ നിന്നും കണ്ടെത്തി "0070-60-800-24-Reciept on Account of Pay Revision Arrears to Government Employees on Deputation" എന്ന ശീർഷകത്തിൽ ട്രഷറി അക്കൗണ്ടിൽ ഒറ്റത്തവണയായി നിക്ഷേപിക്കേണ്ടതാണ്.

ടി തുക ട്രഷറി അക്കൗണ്ടിൽ ഒടുക്കിയ ശേഷം വിവരം മാതൃവകുപ്പിലെ ഡ്രോയിങ് & ഡിസ്ബേർസിംഗ് ഓഫീസറെ അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ഡയറക്ടർ

To

ഡ്രോയിങ് & ഡിസ്ബേർസിംഗ് ഓഫീസർ, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം
ശ്രീമതി. സുസ്മിത. എസ്, മുൻ ഓഫീസ് അസിസ്റ്റന്റ്, കെ.എസ്.ആർ.ഇ.സി
എസ്റ്റാബ്ലിഷ്മെന്റ്/ ബിൽ സെഷൻ,
ഓഫീസ് കോപ്പി /കരുതൽ ഫയൽ

അംഗീകാരത്തോടെ

Indu. G. G

അക്കൗണ്ട്സ് ഓഫീസർ